മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവയിൽ പല പദ്ധതികൾക്കും ഭരണാനുമതി നൽകുന്നതിനും മറ്റും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ചില പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ പലതും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി ബന്ധപ്പെട്ട വകുപ്പുമേധാവികളേയും ജനപ്രതിനിധികളേയും സാങ്കേതിക വിദഗ്ധരേയും ജില്ലാകളക്ടർമാരേയും ഉൾപ്പെടുത്തി ചർച്ചകൾ നടത്തുകയും അതിൽ നിന്നും രൂപംകൊണ്ട വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ചാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

(ഇ) പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും ഇതിനകം നടപ്പിലാക്കിയിട്ടുള്ളതാണ്. മറ്റ പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടി

64 (35) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ കരുതൽ 2015-ൽ ഉൾപ്പെടുത്തി പരാതി നമ്പർ കെ. കെ. ബി. എച്ച്. 204635 (രജി. നമ്പർ 240651) ആയി ലഭിച്ച ശ്രീ. കബീറിന്റെ അപേക്ഷയിൻമേൽ ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർക്ക് തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. കബീറിന് പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ടി തുക D.B.T. വഴി അപേക്ഷന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

65 (36) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവിധ വകുപ്പുകളിൽ അഴിമതി കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ കാലയളവിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരം ജീവനക്കാരിൽ എത്രപേർക്കെതിരെ വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്നു പറയാമോ; ഡിപ്പാർട്ട്മെന്റ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) സർക്കാർ ജീവനക്കാർക്കെതിരെ അഴിമതിയുടെ പേരിൽ ഉണ്ടായിട്ടുള്ള കേസുകളിൽ എത്രകാലമെടുത്താണ് തീർപ്പുണ്ടാകുന്നത് എന്നു പറയാമോ;

(ഡി) തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ എടുക്കുകയും ജീവനക്കാരെ തലങ്ങും വിലങ്ങും കേസിന്റെ പേരിൽ സ്ഥലംമാറ്റുകയും കേസിന്റെ തീർപ്പിന് കാലവിളംബം ഉണ്ടാക്കി ജീവനക്കാരെ വഴിയാധാരമാക്കുകയും ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും ജീവനക്കാരെ അകാരണമായി കേസുകളിൽപ്പെടുത്താതിരിക്കാനും എന്തെല്ലാം നടപടികൾകൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകളിലെ അഴിമതികളെക്കുറിച്ചുള്ള ആരോപണങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന, സത്വരാന്വേഷണം, വിജിലൻസ് അന്വേഷണം എന്നിവ നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യുകയോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയോ ചെയ്യുന്നു. കേസുകളുടെ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിജിലൻസ് കേസുകളുടേയും വിവിധ അന്വേഷണങ്ങളുടെയും ബാഹുല്യം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നിവയും കുറ്റാരോപിതർ, സാക്ഷികൾ, എന്നിവരുടെ മൊഴികൾ യഥാസമയം ലഭിക്കാതെ വരിക, തെളിവുകളുടെ രേഖകൾ യഥാസമയം ലഭിക്കാതിരിക്കുക എന്നിവ കാരണവും വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം വിജിലൻസ് കോടതികളിൽ സമർപ്പിച്ച കേസുകളിൽ വിചാരണ നടപടികൾ പൂർത്തിയാക്കുന്നതിന് ശരാശരി ഒരു വർഷം മുതൽ 20 വർഷം വരെ സമയം എടുക്കാറുണ്ട്. ഇപ്രകാരം വിജിലൻസ് കോടതികളിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ രണ്ടു കോടതികൾ കൂടി അനുവദിച്ചിട്ടുണ്ട്. തുടർന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പാക്കുന്നതിന് ശരാശരി ഒന്നു മുതൽ 8 വർഷം വരെ സമയം എടുക്കുന്നുണ്ട്. തുടർന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പുകൾ കൽപ്പിക്കുന്നതിന് ഒന്നു മുതൽ അഞ്ചു വർഷം വരെ ശരാശരി സമയം എടുക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കരുതൽ 2015 പദ്ധതി

66 (37) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുതൽ 2015-ന്റെ ഭാഗമായി കൊല്ലത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ;

(ബി) കോടതി സമുച്ചയത്തിന് സ്ഥലം കണ്ടെത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പുള്ളിക്കട കോളനിക്ക് റെയിൽവേയിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) കയർ-മത്സ്യമേഖലയ്ക്ക് പ്രഖ്യാപിച്ച പ്രത്യേക പദ്ധതി എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച 10 പദ്ധതികളിലും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ലാന്റ് വാല്യൂ സംബന്ധിച്ച വിശദമായ റിപ്പോർട്ട് റെയിൽവേ ഡിവിഷണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഡി) കയർ-മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളായ തൊണ്ട് സംഭരണത്തിനും ചകിരി ഉല്പാദനത്തിനും കൊല്ലം കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള അഞ്ച് സംഘങ്ങൾക്ക് മിനി

LIBRARY ARCHIVES Kerala Legislative Assembly